"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - പട്ടികവർ ഗ വിഭാഗം വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് ഹൈടെക് പദ്ധതികൾ പ്രകാരം സ്കൂളുകളിൽ വിന്യസിച്ച ലാപ്ടോപ്പുകൾ ശേഖരിക്കുന്നതിനും അതത് സ്കൂളുകൾ വഴി ആവശ്യമുള്ള കുട്ടികൾക്ക് താൽക്കാലികമായി ലഭ്യമാക്കുന്നതിനുമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതുവിദ്യാഭ്യാസ(ഡി)വകുപ്പ്

G.O.(Rt) No.3852/2021/GEDN തീയതി,തിരുവനന്തപുരം, 01/09/2021

---

പരാമർശം:-
1. സ.ഉ (സാധാ) നം.165/2018/പൊ.വി.വ തീയതി 10.01.18
2. സ.ഉ (സാധാ) നം.2177/2019/പൊ.വി.വ തീയതി 06.06.19
3. സ.ഉ.(സാധാ) നം.3134/2021/പൊ.വി.വ. തീയതി 25.06.2021
4. കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 12.07.2021ലെ കൈറ്റ്/2021/1702 (8) നമ്പർ കത്ത്.

ഉത്തരവ്

ഹൈടെക് സ്കൂൾ പദ്ധതികളുടെ ഭാഗമായി കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വഴി സ്കൂളുകൾക്ക് വിതരണംചെയ്ത കമ്പ്യൂട്ടറുകൾ തിരിച്ചെടുത്ത് ആദിവാസിമേഖലയിലുള്ള കുട്ടികൾക്ക് വിതരണം ചെയ്യുന്നതിന് കൈറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർ ശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിലെ ഒന്ന് മുതൽ 12 വരെയുള്ള (പ്ലസ് വൺ ഒഴികെ) ഓരോ ക്ലാസിലും ഉപകരണം ആവശ്യമുള്ള പട്ടികവർഗ വിഭാഗം വിദ്യർത്ഥികളുടെ എണ്ണം ഓരോ സ്കൂളിൽ നിന്നും 'സമ്പൂർണ' സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ വഴി ശേഖരിച്ചിട്ടുണ്ട്. ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകളിൽ ഐസിടി ഉപകരണങ്ങൾ വിന്യസിക്കുന്നതിന് മുന്നോടിയായി കൈറ്റും പ്രസ്തുത സ്കൂളും തമ്മിൽ പരാമർശം 1 ഉം 2 ഉം പ്രകാരം ഒപ്പിട്ട ധാരണാപത്രത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കാവുന്നതാണെന്ന് കൈറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021-22 അദ്ധ്യയനവർഷം പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന പട്ടികവർഗ വിഭാഗം വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന്

ഹൈടെക് പദ്ധതികൾ പ്രകാരം സ്കൂളുകളിൽ വിന്യസിച്ച ലാപ്ടോപ്പുകൾ ശേഖരിക്കുന്നതിനും ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന മാതൃകയിൽ അവ താൽക്കാലികമായി കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂടെ സ്കൂളുകൾക്ക് ലഭിച്ചതിൽ നിന്ന് ആവശ്യമായ ലാപ്ടോപ്പുകൾ നിർദ്ദേശാനുസരണം കൈറ്റിന്റെ ജില്ലാ ഓഫീസിൽ അതത് സ്കൂൾ പ്രഥമാധ്യാപകർ എത്തിക്കേണ്ടതാണ്. ജില്ലാ കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യേണ്ട സ്കൂളുകളിലേക്ക് ഉപകരണങ്ങൾ എത്തിക്കുന്നതും അതത് സ്കൂളുകളുടെ ഉത്തരവാദിത്വത്തിൽ ആയിരിക്കും. ഇക്കാര്യങ്ങൾ സുഗമമായി നടക്കുന്നു എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.
2. ഒരു ജില്ലയിൽ ആവശ്യമുള്ള ഉപകരണങ്ങൾ ലഭ്യമാകാത്ത പക്ഷം മറ്റു ജില്ലകളിൽ നിന്നും ലാപ്ടോപ്പുകൾ ശേഖരിക്കുമ്പോൾ അത് ഒരു ജില്ലാ കേന്ദ്രത്തിൽ നിന്നും ആവശ്യമുള്ള ജില്ലയിലേക്കെത്തിക്കാൻ ആവശ്യമായ സംവിധാനം കൈറ്റ് ഏർപ്പെടുത്തേണ്ടതാണ്.
3. ഹൈടെക് പദ്ധതിയിലൂടെ ലഭ്യമാക്കിയ ലാപ്ടോപ്പുകളുടെ എണ്ണം, മറ്റു സ്കൂളിതര ആവശ്യങ്ങൾക്കായി വിവിധ ഏജൻസികൾ ഉപയോഗിക്കുന്നവയുടെ എണ്ണം, ഐടി ഓഡിറ്റിലൂടെ ഉൾപ്പടെ കണ്ടെത്തിയ ഉപകരണങ്ങളുടെ ഉപയോഗം തുടങ്ങിയവ പരിശോധിച്ചതിന് ശേഷം നിശ്ചിത അനുപാതത്തിലാവണം കൈറ്റ് ഈ ആവശ്യത്തിലേക്കായി സ്കൂളുകളിൽ നിന്നും ലാപ്ടോപ്പുകൾ തിരിച്ചെടുക്കേണ്ടത്.
4. സ്കൂളുകളിൽ നിന്നും ലാപ്ടോപ്പുകൾ എടുക്കുമ്പോൾ ഓരോ ലാപ്ടോപ്പും പരിശോധിച്ച് അവ പ്രവർ ത്തനക്ഷമമാണെന്നും ലാപ്ടോപ്പിനോടൊപ്പം മൗസ്, ചാർജർ, ബാഗ് തുടങ്ങിയവയുണ്ടെന്നും അതത് സ്കൂളുകൾ ഉറപ്പുവരുത്തണം. സ്കൂളുകളിലെ ഡേറ്റ പ്രസ്തുത ലാപ്ടോപ്പുകളിൽ ഉണ്ടെങ്കിൽ അവ സുരക്ഷിതമായ മറ്റ് കമ്പ്യൂട്ടറിലേക്ക് മാറ്റി സൂക്ഷിക്കാൻ പ്രഥമാധ്യാപകർ നടപടി സ്വീകരിക്കേണ്ടതാണ്.
5. ജില്ലാ കേന്ദ്രങ്ങളിൽ വിതരണത്തിന് മുമ്പ് ഖണ്ഡിക 4-ൽ പറഞ്ഞ കാര്യങ്ങൾ കൈറ്റ് ഉറപ്പാക്കണം. സ്കൂളുകളിൽ നിന്ന് ലാപ്ടോപ്പുകൾ സ്വീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് കൈറ്റ് പ്രത്യേക സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. കൈറ്റ് ജില്ലാ കേന്ദ്രങ്ങളിൽ സ്വീകരിക്കുന്ന ലാപ്ടോപ്പുകൾക്ക് രസീത് നൽകേണ്ടതും പ്രസ്തുത രസീതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾ സ്റ്റോക്ക് രജിസ്റ്ററിൽ നിന്ന് ലാപ്ടോപ്പുകളുടെ എണ്ണം കുറവു ചെയ്യേണ്ടതുമാണ്.
6. ഓരോ സ്കൂളിലും 2021-22 അദ്ധ്യയനവർഷം പഠിക്കുന്ന പട്ടികവർഗ വിഭാഗത്തിലുള്ള കുട്ടികൾക്ക്

ഘട്ടംഘട്ടമായി (ആദ്യം 10, 12 ക്ലാസുകൾക്ക് തുടർന്ന് (8, 9), (5, 6, 7), (1, 2, 3, 4) എന്നിങ്ങനെ ലാപ്ടോപ്പുകൾ സ്കൂളുകളിലേക്ക് അനുവദിക്കേണ്ടതും അതത് പ്രഥമാധ്യാപകർ അവ സ്വീകരിച്ച് ഓരോ കുട്ടിക്കും പ്രത്യേകം രസീത് വാങ്ങി നൽകേണ്ടതും വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. ലൈബ്രറി പുസ്തകങ്ങൾ നൽകുന്ന രൂപത്തിൽ ലാപ്ടോപ്പുകൾ കുട്ടികൾക്ക് നൽകുന്നതിന്റെ വിശദാംശങ്ങൾ നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. ആവശ്യപ്പെടുമ്പോൾ ഉപകരണം സ്കൂളിൽ നേരിട്ടെത്തിക്കുന്നതിന് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും സ്കൂളുകൾ നിർദ്ദേശം നൽകേണ്ടതാണ്.

7. കുട്ടികൾക്ക് ലഭ്യമാക്കുന്ന ലാപ്ടോപ്പ് കൃത്യമായി ഉപയോഗിക്കുന്നതിന് അദ്ധ്യാപകർ, കുട്ടികൾ, പട്ടികവർഗ്ഗ പ്രമോട്ടർമാർ, ഫെസിലിറ്റേർമാർ, പഞ്ചായത്ത് വിദ്യാഭ്യാസ സമിതി, സമഗ്രശിക്ഷാ കേരള വളന്റിയർമാർ തുടങ്ങിയവർക്ക് പ്രത്യേക പരിശീലനം കൈറ്റ് നൽകേണ്ടതാണ്.

8. കുട്ടികൾ ലാപ്ടോപ്പ് ഉപയോഗിക്കുമ്പോൾ കേടുപാടുകൾ സംഭവിച്ചാൽ നിലവിലുള്ള വാറണ്ടി വ്യവസ്ഥകൾക്കനുസൃതമായി അവ യഥാസമയം സ്കൂളുകൾ കേന്ദ്രീകരിച്ചുതന്നെ പരിഹരിക്കുന്നതിനുള്ള സംവിധാനം കൈറ്റ് ഒരുക്കേണ്ടതാണ്.

9. ഉപകരണങ്ങൾ കുട്ടികൾതന്നെയാണ് ഉപയോഗിക്കുന്നതെന്നും ദുരുപയോഗം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും പ്രത്യേക പരിശോധനാ സംവിധാനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ഏർപ്പെടുത്തേണ്ടതാണ്.

10. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ പട്ടികവർഗവിഭാഗം കുട്ടികൾക്കും ലാപ്ടോപ്പ് ലഭ്യമാക്കുന്നതിനുള്ള സാങ്കേതിക പ്രവർത്തനങ്ങൾ കൈറ്റും നിർവഹണ പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റും നടത്തേണ്ടതാണ്.

11. ലാപ്ടോപ്പുകൾ തിരിച്ചെടുക്കുന്ന സ്കൂളുകളിൽ പകരം ലാപ്ടോപ്പുകൾ കിഫ്ബി ധനസഹായത്തോടെ ലഭ്യമാക്കാനുള്ള പ്രത്യേക പ്രൊപ്പോസൽ കൈറ്റ് സമർപ്പിക്കേണ്ടതാണ്. പട്ടികവർഗ വകുപ്പിന്റെ ഉൾപ്പെടെയുള്ള സ്കൂളുകളിൽ പുതിയ ലാപ്ടോപ്പുകൾ/ടാബ്‌ലെറ്റുകൾ എന്നിവയ്ക്കായി തുക കണ്ടെത്താനും ഉപകരണങ്ങൾ ലഭ്യമാക്കാനുമുള്ള സാധ്യതകൾ ഉണ്ടെങ്കിൽ സമാന്തരമായി അത്തരം സാധ്യതകളും പ്രയോജനപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
Principal Secretary

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് തിരുവനന്തപുരം
സി.ഇ.ഒ, കിഫ്ബി
ഡയറക്ടർ, പട്ടികവർഗ വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by Sindhu S
Date: 02-09-2021 10:46:24
Reason: Approved

സെക്ഷൻ ഓഫീസർ

ബഹു.മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി .എസ്സ്